പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.1083.

12.6.2014 ൽ
മറുപടിക്ക്.

## യു.ജി.സി.ആറാം ശമ്പള പരിഷ്കരണം.

ചോദ്യം
ശ്രീ.കെ.കെ.ജയചന്ദ്രൻ

മറുപടി
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) യു.ജി.സി.യുടെ ആറാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ശമ്പള കുടിശ്ശികയുടെ എത്ര ഗഡു ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ഒന്നാം ഗഡുവിന് അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതം ലഭ്യമായോ എന്നും അറിയിക്കുമോ ;

(എ) ആറാമത് യു.ജി.സി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള 01.01.2006 മുതൽ 31.03.2010 വരെയുള്ള ശമ്പള കുടിശ്ശിക അതത് സംസ്ഥാനങ്ങൾ വിതരണം ചെയ്തതിനു ശേഷം റീ-ഇംബേഴ്സ്മെന്റിനായി ഇത് സംബന്ധിച്ച പ്രൊപ്പോസൽ നൽകണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ ആകെ നാലു ഗഡുക്കളായാണ് യു.ജി.സി.യുടെ ആറാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ശമ്പള കുടിശ്ശിക വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ആദ്യ ഗഡുവായി 1.1.2006 മുതൽ 30.6.2007 വരെയുള്ള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യ ഗഡു ശമ്പള കുടിശ്ശിക അനുവദിച്ചതിനെ തുടർന്ന് ആയത് റീ-ഇംബേഴ്സ് ചെയ്തു കിട്ടുന്നതിന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, കുടിശ്ശിക സംബന്ധിച്ച് പരിഷ്കരിച്ച പ്രൊഫോമയിൽ അപേക്ഷ സമർപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. 2010 ലെ യു.ജി.സി റെഗുലേഷൻസ് സംസ്ഥാനത്തെ വിവിധ സർവകലാശാലകൾ നടപ്പിലാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സർവകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കൂടി ലഭ്യമായതിന് ശേഷം പുതിയ പ്രൊഫോമയിൽ കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കും. ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമല്ല.

| | | | |
|---|---|---|---|
| (ബി) | യു.ജി.സി.യുടെ ആറാം ശമ്പള പരിഷ്കരണ പദ്ധതിയനുസരിച്ചുള്ള സ്ഥാനക്കയറ്റം അദ്ധ്യാപകർക്ക് ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു : | (ബി) | ആറാം യു.ജി.സി.ശമ്പള പരിഷ്ക്കരണ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കരിയർ അഡ്വാൻസ്മെന്റ് സ്കീമിനുള്ള വ്യവസ്ഥകളും നിർദ്ദിഷ്ട മാതൃകാ ഫോമുകളുമെല്ലാം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മ്യൂസിക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി.നിരക്കിലുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | (സി) | ഗവ.മ്യൂസിക് കോളേജുകളിൽ യു.ജി.സി പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള കോളേജുകളിലെ വെരിഫിക്കേഷൻ പൂർത്തിയായതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | 2010 ഡിസംബറിന് ശേഷം സർവ്വീസിൽ പ്രവേശിച്ച ഗവ.കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസേഷൻ നടക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ; ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | പി.എസ്.സിയിൽ നിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ 2010 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അവരുടെ നിയമനം ക്രമപ്പെടുത്തുന്നതിന് സാധിക്കുകയുള്ളൂ. പി.എസ്.സി.യിൽ നിന്നും പ്രസ്തുത റിപ്പോർട്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ചില നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിന് കാലതാമസമുണ്ടാക്കുന്നുണ്ട്. |

Sunilkumar
സെക്ഷൻ ഓഫീസർ